പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2609 — 19.03. 2015 ൽ മറുപടിക്ക്.

ഹോട്ടൽ ജീവനക്കാർ തൊഴിൽ ചൂഷണത്തിന് വിധേയരാകുന്നത്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.എൻ. എ. ഖാദർ : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ ഹോട്ടലുകൾ, റസ്റ്റോറന്റുകൾ മുതലായ സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന ജീവനക്കാർ കടുത്ത തൊഴിൽ ചൂഷണത്തിന് വിധേയരാകുന്നുണ്ടെന്ന വാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇവരുടെ ജോലി സമയം ദൈർഘ്യമേറിയതാണെന്നും ആനുപാതികമായി ശമ്പളം ലഭിയ്ക്കുന്നില്ലായെന്നതുമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (സി) ഈ മേഖലയിലെ തൊഴിലാളികൾക്ക് സമയക്രമം നിശ്ചയിച്ച് മിനിമം വേതനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) സംസ്ഥാനത്തെ ഹോട്ടലുകളിലേയും റസ്റ്റോറന്റുകളിലേയും ജീവനക്കാർക്ക് സർക്കാരിന്റെ 23.07.09 തീയതിയിലെ സ. ഉ (എം. എസ്) 100/2009 പ്രകാരം മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. നിലവിലുള്ള നിയമപ്രകാരം 8 മണിക്കൂർ ജോലിയും, അധിക സമയം ജോലിയ്ക്ക് അധികവേതനവുമാണ് നിഷ്കർഷിച്ചിട്ടുള്ളത്. ടി വിഭാഗം ജീവനക്കാർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ പരിശോധിക്കുകയും നിയമലംഘനങ്ങൾ കണ്ടെത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ ക്ലെയിം |

| | | |
|---|---|---|
| | | പെറ്റീഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുമുണ്ട്. കൂടാതെ സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനും ആയത് ഓൺലൈനായി പരിശോധിക്കുന്നതിനുമുള്ള വേതന സുരക്ഷ പദ്ധതി നടപ്പിലാക്കുന്നതിന്റെ നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ഡി) | ഇത്തരത്തിലുള്ള തൊഴിൽ ചൂഷണങ്ങൾ നടക്കുന്നുണ്ടോയെന്നത് പരിശോധിക്കുന്നതിന് സർക്കാർ സംവിധാനം ശക്തിപ്പെടുത്തുമോ ? | (ഡി) സ്ഥാപനങ്ങളിൽ സ്ക്വാഡ് ഇൻസ്പെക്ഷൻ, പീരിയോഡിക്കൽ ഇൻസ്പെക്ഷൻ എന്നിവ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്. കൂടാതെ ജീവനക്കാരിൽ നിന്നും ലഭ്യമാകുന്ന പരാതികളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ബന്ധപ്പെട്ട തൊഴിൽ വകുപ്പുദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തുകയും തൊഴിൽ നിയമങ്ങൾ ലംഘിക്കുന്ന സ്ഥാപന ഉടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.